.

**Easter Sunday, 16 April, 2006**

**മത്തായി എഴുതിയ സുവിശേഷം (Vesper)**
**അദ്ധ്യായം : 28**

28:1 ശബ്ബത്തു കഴിഞ്ഞു ആഴ്ചവട്ടത്തിൻറെ ഒന്നാം ദിവസം വെളുക്കുമ്പോൾ മഗ്ദലക്കാരത്തി മറിയയും മറ്റെ മറിയയും കല്ലറ കാണ്മാൻചെന്നു.

28:2 പെട്ടെന്നു വലിയോരു ഭൂകമ്പം ഉണ്ടായി; കർത്താവിൻറെ ദൂതൻസ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്നു, കല്ലു ഉരുട്ടിനീക്കി അതിന്മേൽ ഇരുന്നിരുന്നു.

28:3 അവൻറെ രൂപം മിന്നലിന്നു ഒത്തതും അവൻറെ ഉടുപ്പു ഹിമം പോലെ വെളുത്തതും ആയിരുന്നു.

28:4 കാവൽക്കാർ അവനെ കണ്ടു പേടിച്ചു വിറെച്ചു മരിച്ചവരെപ്പോലെ ആയി.

28:5 ദൂതൻസ്ത്രീകളോടു: ഭയപ്പെടേണ്ടാ; ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു എന്നു ഞാൻഅറിയുന്നു;

28:6 അവൻഇവിടെ ഇല്ല; താൻപറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു; അവൻകിടന്ന സ്ഥലം വന്നുകാണ്മിൻ

**(First Reading)**
**റോമർക്ക് എഴുതിയ ലേഖനം**
**അദ്ധ്യായം : 6**

6:3 അല്ല, യേശു ക്രിസ്തുവിനോടു ചേരുവാൻസ്നാനം ഏറ്റവരായ നാം എല്ലാവരും അവൻറെ മരണത്തിൽ പങ്കാളികളാകുവാൻസ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?

6:4 അങ്ങനെ നാം അവൻറെ മരണത്തിൽ പങ്കാളികളായിത്തീർന്നു സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിൻറെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതു പോലെ നാമും ജീവൻറെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ.

6:5 അവൻറെ മരണത്തിൻറെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിൻറെ സാദൃശയത്തോടും ഏകീഭവിക്കും.

6:6 നാം ഇനി പാപത്തിന്നു അടിമപ്പെടാതവണ്ണം പാപശരീരത്തിന്നു നീക്കം വരേണ്ടതിന്നു നമ്മുടെ പഴയ മനുഷ്യൻഅവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു.

6:7 അങ്ങനെ മരിച്ചവൻപാപത്തിൽ നിന്നു മോചനം പ്രാപിച്ചിരിക്കുന്നു.

6:8 നാം ക്രിസ്തുവിനോടു കൂടെ മരിച്ചു എങ്കിൽ അവനോടുകൂടെ ജീവിക്കും എന്നു വിശ്വസിക്കുന്നു.

6:9 ക്രിസ്തു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കയില്ല; മരണത്തിന്നു അവൻറെ മേൽ ഇനി കർത്തൃത്വമില്ല എന്നു നാം അറിയുന്നുവല്ലോ.

6:10 അവൻമരിച്ചതു പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ചു; അവൻജീവിക്കുന്നതോ
ദൈവത്തിന്നു ജീവിക്കുന്നു.

6:11 അവ്വണ്ണം നിങ്ങളും പാപ സംബന്ധമായി മരിച്ചവർ എന്നു ക്രിസ്തുയേശുവിൽ
ദൈവത്തിന്നു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നേ എണ്ണുവിൻ.

**(Second Reading)**
**മാർക്കോസ് എഴുതിയ സുവിശേഷം**
**അദ്ധ്യായം : 16**

16:1 ശബ്ബത്തു കഴിഞ്ഞശേഷം മഗ്ദലക്കാരത്തി മറിയയും യാക്കോബിൻറെ അമ്മ മറിയയും
ശലോമയും ചെന്നു അവനെ പൂശേണ്ടതിന്നു സുഗന്ധവർഗ്ഗം വാങ്ങി.

16:2 ആഴ്ചവട്ടത്തിൻറെ ഒന്നാം നാൾ അതികാലത്തു സൂര്യൻഉദിച്ചപ്പോൾ അവർ
കല്ലറെക്കൽ ചെന്നു:

16:3 കല്ലറയുടെ വാതിൽക്കൽ നിന്നു നമുക്കു വേണ്ടി ആർ കല്ലു ഉരുട്ടിക്കളയും എന്നു തമ്മിൽ
പറഞ്ഞു.

16:4 അവർ നോക്കിയാറെ കല്ലു ഉരുട്ടിക്കളഞ്ഞതായി കണ്ടു; അതു ഏറ്റവും വലുതായിരുന്നു.

16:5 അവർ കല്ലറെക്കകത്തു കടന്നപ്പോൾ വെള്ളനിലയങ്കി ധരിച്ച ഒരു
ബാല്യക്കാരൻവലത്തു ഭാഗത്തു ഇരിക്കുന്നതു കണ്ടു ഭ്രമിച്ചു.

16:6 അവൻഅവരോടു: ഭ്രമിക്കേണ്ടാ; ക്രൂശിക്കപ്പെട്ട നസറായനായ യേശുവിനെ നിങ്ങൾ
അന്വേഷിക്കുന്നു; അവൻഉയിർത്തെഴുന്നേറ്റു; അവൻഇവിടെ ഇല്ല; അവനെ വെച്ച
സ്ഥലം ഇതാ.

16:7 നിങ്ങൾ പോയി അവൻറെ ശിഷ്യന്മാരോടും പത്രൊസിനോടും: അവൻനിങ്ങൾക്കു മുമ്പെ
ഗലീലെക്കു പോകുന്നു എന്നു പറവിൻ; അവൻനിങ്ങളോടു പറഞ്ഞതു പോലെ അവിടെ
അവനെ കാണും എന്നു പറവിൻഎന്നു പറഞ്ഞു.

Courtesy: my-bible.us

© 2006 iccvienna.org All rights reserved